# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 6**

---

## ബി.എഡ് ഏകജാലകം: രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

എം ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ് ഏകജാലക പ്രവേശനത്തിൻറെ രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

രണ്ടാം അലോട്ട്മെൻറ് ലഭിച്ചവർ നിശ്ചിത സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് പ്രവേശനം ഓൺലൈനിൽതന്നെ ഉറപ്പാക്കണം.
സ്ഥിര പ്രവേശം നേടുന്നവർ കോളേജുകളിൽ നേരിട്ട് ഹാജരായി ട്യൂഷൻ ഫീസ് അടച്ച് പ്രവേശനം നേടണം.

താത്കാലിക പ്രവേശനത്തിനായി കോളജുകളിൽ നേരിട്ട് ഏത്തേണ്ടതില്ല.

സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് താത്കാലിക പ്രവേശനം തിരഞ്ഞെടുക്കുമ്പോൾ കിട്ടുന്ന അലോട്ട്മെൻറ് മെമ്മോ ജൂലൈ പത്തിനു വൈകുന്നേരം നാലിനു മുൻപ് കോളജിലേക്ക് ഇമെയിലിൽ അയച്ച് പ്രവേശനം ലഭിച്ചെന്ന് സ്ഥിരീകരിക്കണം. ഇതിൻറെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. പ്രവേശനം സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന് കൺഫർമേഷൻ സ്ലിപ്പ് വേണ്ടതുണ്ട്.

ഒന്നാം ഓപ്ഷൻ അലോട്ട് ചെയ്യപ്പെട്ടവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനത്തിന് ക്രമീകരണമില്ല. ജൂലൈ പത്തിന് വൈകുന്നേരം നാലിനു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ച ശേഷം പ്രവേശനം ഉറപ്പാക്കാത്തവരുടെയും അലോട്ട്മെൻറ് റദ്ദാകും.

ഒന്നാം അലോട്ട്മെൻറിൽ താത്കാലിക പ്രവേശനം എടുത്തവർക്ക് രണ്ടാം അലോട്ട്മെൻറിലും അതേ സ്ഥിതിയാണെങ്കിൽ കോളജിൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല. ഒന്നാം അലോട്ട്മെൻറിൽ താത്കാലിക പ്രവേശനം എടുത്തവർക്ക് രണ്ടാം അലോട്ട്മെൻറിൽ മറ്റൊരു പ്രോഗ്രാമിലേക്കോ കോളജിലേക്കോ ഹയർ ഓപ്ഷൻ വഴി അലോട്ട്മെൻറ് ലഭിച്ചിൽ മോഡ് ഓഫ് അഡ്മിഷൻ സെലക്ട് ചെയ്ത് പ്രസ്തുത കോളജിൽ ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കണം.

(പി.ആർ.ഒ/39/760/2023)

## പി.ജി പ്രവേശനം;കമ്യൂണിറ്റി മെരിറ്റ് രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിൻറെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയിലെ രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ ജൂലൈ പത്തിനു വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/761/2023)

## ബിരുദാനന്തര ബിരുദ ഏകജാലകം; പ്രവേശനം ഓൺലൈനിൽ ഉറപ്പാക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലേക്കുള്ള ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിൻറെ മൂന്നാം അലോട്ട്മെൻറിൽ സ്ഥിര, താത്കാലിക പ്രവേശനങ്ങൾ ഓൺലൈനിൽ ഉറപ്പാക്കാം.ഇന്ന്(ജൂലൈ 7) വൈകുന്നരേം നാലു വരെയാണ് സമയം അനുവദിച്ചിരിക്കുന്നത്.

(പി.ആർ.ഒ/39/762/2023)

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ(ഡിപ്പാർട്ടുമെൻറുകൾ ഒഴികെ) 2021ൽ പി.എച്ച്.ഡി പ്രവേശനം നേടുകയും കോഴ്സ വർക്ക് രണ്ടു സ്പെല്ലും പൂർത്തിയാക്കുകയും ചെയ്ത ഗവേഷണ വിദ്യാർഥികൾക്കും സപ്ലിമെൻററി വിദ്യാർഥികൾക്കുമുള്ള കോഴ്സ് വർക്ക് പരീക്ഷയ്ക്ക് ജൂലൈ 15 മുതൽ അപേക്ഷ നൽകാം. കോഴ്സ് വർക്ക് പരീക്ഷാ രജിസ്ട്രേഷൻ പോർട്ടൽ മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

പരീക്ഷാ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ജൂലൈ 15 മുതൽ സർവകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/763/2023)

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫലം

തലപ്പാടി ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ബയോമെഡിക്കൽ റിസംർച്ച് ആൻറ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ 2023 ഏപ്രിലിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക്(സി.എസ്.എസ് - 2020 അഡ്മിഷൻ - ഫാക്കൽറ്റി ഓഫ് സയൻസ്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കും യഥാക്രമം 2320 രൂപ, 585 രൂപ വീതം ഫീസ് അടച്ച് ജൂലൈ 20 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/764/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്ന്, രണ്ട് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ,ബി.കോം(സി.ബി.സി.എസ് - 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ഇന്നു(ജൂലൈ 7) മുതൽ 11 വരെ പിഴ കൂടാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 12 മുതൽ 13 വരെ പിഴയോടു കൂടിയും ജൂലൈ 14ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/765/2023)

## പരീക്ഷാ തീയതി

ഏഴാം സെമസ്റ്റർ ബി.ടെക്ക് - നവംബർ 2022(പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും) പരീക്ഷകൾ ജൂലൈ 24ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/766/2023)

## അപേക്ഷാ സമയപരിധി നീട്ടി

പത്താം സെമസ്റ്റർ ബി.ആർക്ക്(2018 അഡ്മിഷൻ റഗുലർ, 2018 വരെയുള്ള അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ തീസീസ് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾക്ക് അപേക്ഷിക്കുവാനുള്ള സമയപരിധി നീട്ടി. ഇന്നു(ജൂലൈ 7) കൂടി പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 10 വരെ പിഴയോടു കൂടിയും ജൂലൈ 11ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/767/2023)

## വൈവ വോസി

നാലാം സെമസ്റ്റർ ബി.വോക് ബ്രോഡ് കാസ്റ്റിംഗ് ആൻറ് ജേണലിസം - മെയ് 2023 (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം)പരീക്ഷയുടെ വൈവ വോസി

പരീക്ഷകൾ ജൂലൈ 19ന് അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/768/2023)

## <u>പരീക്ഷാ ഫലം</u>

2022 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ സി.ബി.സി.എസ് ബി.കോം മോഡൽ 1 – മെയ് 2022(2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ജൂലൈ 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/769/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**